"ഭരണഭാഷ – മാതൃഭാഷ"

ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

നമ്പർ.ബി4/7712/ടിസി/2016

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തിയ്യതി 17-05-2017

പ്രേഷിതൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

വിഷയം:- ***മോട്ടോർ വാഹന വകുപ്പ്*** – ആർ.ആർ. ഓൺ ലൈൻ സോഫ്റ്റ് വെയറിൽ റിക്വിസിഷനുകൾ രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് - നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന :- ഈ ഓഫീസിലെ 28-04-2017, 29-04-2017, 11-05-2017 എന്നീ തീയതികളിലെ ഇതേ നമ്പർ കത്ത്.

ആർ.ആർ. ഓൺ ലൈൻ സോഫ്റ്റ് വെയറിൽ റിക്വിസിഷനുകൾ രേഖപ്പെടുത്തുന്നതിൽ റിക്വിസിഷൻ അതോറിറ്റികൾ ധാരാളം തെറ്റുകൾ വരുത്തുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അത്തരത്തിൽ വാർഷിക പലിശ നിരക്ക് ഉൾപ്പെടെ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള റിക്വിസിഷനുകൾ പിൻവലിച്ച് തെറ്റുകൾ തിരുത്തുന്നതിന് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. അത് പാലിച്ചിട്ടില്ലാത്ത റിക്വിസിഷൻ അതോറിറ്റികൾ, തങ്ങൾ സമർപ്പിച്ചിട്ടുള്ള മുഴുവൻ റിക്വിസിഷനുകളും അടിയന്തരമായി പരിശോധിക്കേണ്ടതും തെറ്റുകൾ ഉണ്ടെങ്കിൽ ആയത് തിരുത്തി റിക്വിസിഷനുകൾ പുനർസമർപ്പണം നടത്തേണ്ടതുമാണ്.

ആർ.ആർ. ഓൺ ലൈൻ സോഫ്റ്റ് വെയറിൽ റിക്വിസിഷൻ രേഖപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| Principal amount | ഏത് കാലയളവിലേക്കാണോ റവന്യൂ റിക്കവറി എടുക്കുന്നത് ആ കാലയളവിലെ നികുതി കുടിശ്ശിക മാത്രമാണ് ഈ കോളത്തിൽ രേഖപ്പെടുത്തേണ്ടത് |
| Annual rate of interest | 12 % |
| Effective date of interest | റിക്വിസിഷൻ രേഖപ്പെടുത്തുന്ന തീയതി ഏതാണോ അതു തന്നെയാണ് ഈ കോളത്തിൽ രേഖപ്പെടുത്തേണ്ടത് |
| Additional tax including other charge | അഡീഷണൽ ടാക്സും റിക്വിസിഷൻ രേഖപ്പെടുത്തുന്ന ദിവസം വരെയുള്ള വാർഷിക പലിശയും കൂടി കൂട്ടിക്കിട്ടുന്ന തുകയാണ് ഈ കോളത്തിൽ രേഖപ്പെടുത്തേണ്ടത്. |

| | |
|---|---|
| RR for the period | ഏത് കാലയളവ് മുതൽ ഏത് കാലയളവ് വരെയാണ് ആർ.ആർ. എടുക്കുന്നത് അതാണ് ഈ കോളത്തിൽ രേഖപ്പെടുത്തേണ്ടത്. |

(Principal amount, Addl. Tax, Annual interest എന്നിവ എത്രയാണെന്ന് Smart Move ലെ Tax calculator ഉപയോഗിച്ച് കണ്ടെത്താവുന്നതാണ്. )

മുകളിൽ പറഞ്ഞിരിക്കുന്ന കോളങ്ങളിൽ രേഖപ്പെടുത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് വകുപ്പിന് പിരിഞ്ഞുകിട്ടേണ്ട തുക സോഫ്റ്റ് വെയർ കണക്കു കൂട്ടുന്നത്. ആയതിനാൽ ഈ കോളങ്ങളിൽ രേഖപ്പെടുത്തുന്ന വിവരങ്ങളിൽ തെറ്റുകൾ വരുത്താതിരിക്കാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ആർ.ആർ. ഓൺ ലൈൻ സോഫ്റ്റ് വെയറിൽ ക്ലർക്കുമാർ റിക്വിസിഷൻ രേഖപ്പെടുത്തി കഴിഞ്ഞാൽ, ആയതിന്റെ പ്രിന്റ് എടുത്ത് ബന്ധപ്പെട്ട സൂപ്പർവൈസറി ഓഫീസർക്ക് പരിശോധനയ്ക്കായി സമർപ്പിക്കണം. സൂപ്പർവൈസറി ഓഫീസർ ആയത് പരിശോധിച്ച് കൃത്യമാണെന്ന് സർട്ടിഫൈ ചെയ്തതിനുശേഷമേ ബന്ധപ്പെട്ട ക്ലർക്ക് ആയത് അപ്രൂവിംഗ് അതോറിറ്റിക്ക് അംഗീകാരത്തിനായി സമർപ്പിക്കാവൂ. റിക്വിസിഷൻ അതോറിറ്റികൾ, റിക്വിസിഷൻ അംഗീകരിക്കുന്നതിനു മുൻപായി ആയതിന്റെ നിജസ്ഥിതി ഉറപ്പാക്കേണ്ടതാണ്. തെറ്റായ റിക്വിസിഷനുകൾ അംഗീകരിച്ച് ജില്ലാ കലക്ടറേറ്റുകളിലേക്ക് അയയ്ക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വാഹന ഉടമകൾ ബന്ധപ്പെട്ട താലൂക്ക്/വില്ലേജ് ഓഫീസുകളിൽ റിക്കവറി തുക അടച്ചശേഷം, ഓഫീസുകളിൽ രേഖകൾ ഹാജരാക്കുമ്പോൾ, പേയ്മെന്റ് നടത്തിയ ദിവസത്തെ കണക്കുപ്രകാരം വകുപ്പിന് കിട്ടേണ്ട തുകയിൽ എന്തെങ്കിലും കുറവ് ഉണ്ടെന്ന് കണ്ടെത്തിയാൽ ബാക്കി തുക ഓഫീസുകളിൽ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ,
18/5/2017
സീനിയർ സൂപ്രണ്ട്.
18/5/2017

P.S.

മോട്ടോർ വാഹന വകുപ്പ്, കേരള